സത്യമേവ ജയതേ

# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടിക്രമം

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിലെ അന്നദാനം നടത്തിപ്പ് സംബന്ധിച്ച്-വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**R.O.C.No.17151/24/NS** നന്തൻകോട്, 28/06/2025

പരാമർശം : 1. 21/06/2025 ലെ മേൽ നമ്പർ ഉത്തരവ്

2. ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 25/06/2025 ലെ DA No. 403/25/E1 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ അന്നദാനം വഴിപാട് പരാമർശം 1 ൽ വിവരിക്കുന്ന നിബന്ധനകൾ കർശനമായി പാലിച്ച് മാത്രം നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

എന്നാൽ വഴിപാടായി നടന്നുവരുന്ന അന്നദാനങ്ങൾ കൂടാതെ നിത്യവും കഞ്ഞി സദ്യ, അത്താഴകഞ്ഞി, അന്നദാനം തുടങ്ങിയവ നടന്നുവരുന്നതിലും ഇക്കാര്യത്തിൽ അവ്യക്തത ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ആയതിന്മേൽ വ്യക്തത വരുത്തി ഉത്തരവ് ഉണ്ടാകണമെന്ന് വിവരിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ട് ലഭിച്ചു. (പരാമർശം 2)

പ്രസ്തുത വിഷയം ബോർഡ് വിശദമായി പരിശോധിച്ചു.

ആയതിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ നിത്യവും കഞ്ഞി സദ്യ, അത്താഴകഞ്ഞി, അന്നദാനം തുടങ്ങിയവ നടന്നുവരുന്ന ദേവസ്വങ്ങളിൽ പരാമർശം (1) ഉത്തരവ് ബാധകമായിരിക്കുന്നതല്ലായെന്ന് നിർദ്ദേശിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :

1. ദേവസ്വം കമ്മീഷണർ
2. കേരള സ്റ്റേറ്റ് ആഡിറ്റ് വിഭാഗം, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)
4. ലാ ആഫീസർ
5. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ
6. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
7. ഡയറക്ടർ, സാംസ്കാരിക പുരാവസ്തു വിഭാഗം
8. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
9. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, ഫിനാൻസ് ഇൻസ്പെക്ഷൻ
10. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, (ഡിജിറ്റൈസേഷൻ)
11. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, ഹൈക്കോടതി ആഡിറ്റ്
12. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
13. ലെയ്സൺ ആഫീസർ
14. PS to Hon'ble President
15. PS to Hon'ble Member
16. ഐ.റ്റി. സെക്ഷൻ
17. മിനിട്സ് സെക്ഷൻ, 18. ഫയൽ ബുക്ക്,
19. സെക്ഷൻ ഫയൽ 20. ആഫീസ് കോപ്പി

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി